Ksmart

തീയതി : 20-04-2026
നമ്പർ : 13/2026

# തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ

## കൗൺസിൽ മീറ്റിംഗ് നോട്ടീസ്

മാന്യരേ,

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ ഒരു അടിയന്തിര യോഗം 2026 ഏപ്രിൽ മാസം 21-ാം തീയതി ചൊവ്വാഴ്ച 03:00 PM-ന് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ ഹാളിൽ ചേരുന്നതാണ്. യോഗത്തിന്റെ അജണ്ട താഴെ ചേർക്കുന്നു. യോഗത്തിൽ എല്ലാ കൗൺസിലർമാരും പങ്കെടുക്കേണ്ടതാണ്.

Dr Niji Justin
Mayor

## അജണ്ട

## വിഷയങ്ങൾ

1. **വിഷയം (ഫയൽ നമ്പർ - 1427320-2026)**

തൃശ്ശൂർ കോർപ്പറേഷൻ -ഹെൽത്ത് വിഭാഗം -2026 - തൃശൂർ പൂരത്തോടുള്ള അനുബന്ധിച്ചുള്ള അവലോകനയോഗം ചർച്ച ചെയ്യുന്നത് - സംബന്ധിച്ച് .

**വിവരണം**

26/04/2026, 27/04/2026 തിയതികളിലായി നടക്കുന്ന തൃശൂർ പൂരം - 2026 ന്റെ ഭാഗമായി തൃശൂർ കോർപ്പറേഷൻ നടത്തിയ മുന്നൊരുക്കങ്ങ പ്രവർത്തനങ്ങളെയും തുടർ പ്രവർത്തനങ്ങളെയും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും, പൂരത്തിന്റെ ഭാഗമായി ഇനി സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച നിർദേശങ്ങൾക്കുമായി വിഷയം ബഹു.കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നു.

**കുറിപ്പ്.**

1) തേക്കിൻകാട് മൈതാനത്തോട് ചേർന്നുള്ള ചപ്പാത്ത് കാനകൾ, ഘടക പൂരങ്ങൾ വരുന്ന സ്ഥലങ്ങളിലെ കാനകൾ എന്നിവ വൃത്തിയാക്കുകയും പുല്ലുകളും മറ്റും വെട്ടി വൃത്തിയാക്കിയിട്ടുണ്ട്.

2) തേക്കിൻക്കാട് മൈതാനത്തോട് ചേർന്നുള്ള നടപ്പാതകളിലെ കുഴികൾ അടക്കുകയും സ്ലാബുകൾ യഥാവിധി സ്ഥാപിച്ച് നടപ്പാത സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്.

3) തേക്കിൻക്കാട് മൈതാനത്തോട് ചേർന്നുള്ള അപകടകരമായ മരശിഖരങ്ങൾ വെട്ടി മാറ്റിയിട്ടുണ്ട്. ഘടക പൂരങ്ങൾ വരുന്ന വഴികളിലെ മരശിഖരങ്ങൾ വെട്ടിമാറ്റുന്ന നടപടി

പൂർത്തിയായി വരുന്നു. ബുധനാഴാചയ്ക്കകം ആയത് പൂർത്തിയാക്കുന്നതാണ്.
4)സ്വരാജ് റൗണ്ടിൽ സഞ്ചാരത്തിന് തടസ്സമാകുന്ന വിധത്തിൽ സ്ഥിതിചെയ്തിരുന്ന കേബിളുകൾ ഉയർത്തി കെട്ടിയിട്ടുണ്ട്. ഘടക പൂരങ്ങൾ വരുന്ന വഴികളിലെ കേബിളുകൾ ബുധനാഴ്ചകകം ഉയർത്തി കെട്ടുന്ന നടപടി പൂർത്തീകരിക്കുന്നതാണ്.

ശരിപകർപ്പ്
സെക്രട്ടറി